## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.807.                    27.04.2017 ന് മറുപടിയ്ക്ക്

### വിമുക്തി മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ദാസൻ : | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരി വിമുക്ത കേരളം ലക്ഷ്യമാക്കി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിമുക്തി മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കു മരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് 06.10.2016-ലെ ജി.ഒ.(എം.എസ്.)നമ്പർ.94/2016/നി.വ. സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ **"വിമുക്തി"** രൂപീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത മിഷനിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ,എൻ.എസ്.എസ്. കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുക എന്നതാണ് 'വിമുക്തി' മിഷന്റെ ഉദ്ദേശ്യലക്ഷ്യം. |
| (ബി) | ഈ പദ്ധതിയുടെ ഭാഗമായി ജില്ല-താലൂക്ക് തലത്തിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾ എന്തെല്ലാം; എക്സൈസ് ഓഫീസുകളിൽ ഇതിന്റെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാ | (ബി) | വിമുക്തി മിഷന്റെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചുള്ള ലഹരിവിരുദ്ധ ബോധവത്ക്കരണ പദ്ധതികളാണ് ജില്ലാ താലൂക്ക് തലത്തിൽ നടപ്പിലാക്കി വരുന്നത്. ഈ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കോർപ്പറേഷൻ മേയർ മുനിസിപ്പൽ ചെയർ പേഴ്സൺമാർ വൈസ്ചെയർമാൻമാരായും, ജില്ലാ |

| | | | |
|---|---|---|---|
| | ക്കുന്നത്; വിശദമാക്കാമോ; | | കളക്ടർ കൺവീനറായും എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ജോയിന്റ് കൺവീനറായും വിവിധ പ്രതിനിധികൾ മെമ്പർമാരായും ഉള്ള ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയും, ബ്ലോക്ക്/ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പഞ്ചായത്ത്, വാർഡ്തല കമ്മിറ്റികളും വിമുക്തി മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>എക്സൈസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അതാത് ഓഫീസ് പരിധിയ്ക്കുള്ളിലെ സ്കൂൾ/ കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകളുമായി ചേർന്നും റസിഡന്റ്സ് അസോസിയേഷൻ, കോളനികൾ എന്നിവ കേന്ദ്രീകരിച്ചും ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ്സുകളും, പ്രവർ ത്തനങ്ങളും, ഷോർട്ട് ഫിലിം പ്രദർശനവും, ബോധവൽക്കരണ പാവനാടകവും, എക്സൈസ് ഉദ്യോഗസ്ഥർ അവതരിപ്പിക്കുന്ന ബോധവത്ക്കരണ നാടകം ബോധവൽക്കരണ സ്റ്റാളുകൾ തുടങ്ങി വിവിധ ഇനം പരിപാടികൾ നടത്തിവരുന്നു. |
| (സി) | കൊയിലാണ്ടിയിലെ എക്സൈസ് ഓഫീസിലെ സൗകര്യങ്ങളുടെ അപര്യാപ്തത, പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് തടസ്സമായി നിൽക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാരനടപടികൾ സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**